ലേഖനം

ടി.കെ ഇബ്റാഹീം ടൊറണ്ടോ

# അബുൽജലാൽ മൗലവി: ഇസ്‌ലാമിക വിദ്യാഭ്യാസ നവോത്ഥാന നായകൻ

**കർമശാസ്ത്രാചാര്യനായ** ഇമാം ശാഫിഈ(റ) ഭാവനാസമ്പന്നനായ കവി കൂടിയായിരുന്നു. അദ്ദേഹത്തിന്റെ ഒരു കവിതാ ശകലത്തിന്റെ അർഥം:

*ഇഹലോകത്തുനിന്ന് (പരലോക) പാഥേയം ശേഖരിക്കൂ!*
*രാത്രി നിന്റെ മേൽ മൂടുപടമിട്ടു കഴിഞ്ഞാൽ പ്രഭാതം വരെ ജീവിക്കുമോയെന്ന് നിനക്കറിയില്ലല്ലോ.*
*എത്രയെത്ര ആരോഗ്യവാന്മാർ രോഗമില്ലാതെ മരിച്ചു. എത്രയെത്ര രോഗികൾ ഏറെ കാലം ജീവിച്ചു.*
*പ്രഭാത പ്രദോഷങ്ങളിൽ ഹർഷപുളകിതനായിക്കഴിയുന്ന യുവാവോ*
*എങ്ങാണ്ടോ തന്റെ ശവപ്പുടവകൾ നെയ്തുകഴിഞ്ഞെന്ന വനറിയുന്നില്ല!*
*ആയിരമോ രണ്ടായിരമോ എത്ര ജീവിച്ചാലും ഒരുനാൾ ശ്മശാനത്തിലേക്കണയാതെ ഗതിയില്ല.*

ജീവിതത്തിന്റെ നൈമിഷികത മരണത്തിന്റെ കഴുകക്കണ്ണുകളിലൂടെ തുറിച്ചുനോക്കുന്നു. മരണത്തിന് ഒട്ടും വിവേചനമില്ല. ശിഷ്ടനും ദുഷ്ടനും പണ്ഡിതനും പാമരനും കുബേരനും കുചേലനുമൊക്കെ ഒരുപോലെ മരണത്തിന്റെ പിടിയിലമർന്ന് അപ്രത്യക്ഷരായിക്കൊണ്ടിരിക്കുന്നു. വിധാതാവിന്റെ ആജ്ഞാനുസാരം മരണത്തിന്റെ ദൂതൻ പറഞ്ഞു: "വിശ്വാസിയായ എന്റെ ദാസന്റെ ആത്മാവിനെ പിടിച്ചെടുക്കുന്നതിനോളം ഞാൻ ചെയ്യുന്ന കാര്യങ്ങളിൽ എനിക്ക് ശങ്കയുള്ള മറ്റൊന്നില്ല. അവൻ മരണം വെറുക്കുന്നു. അവനെ അലോസരപ്പെടുത്തുന്നത് എനിക്കിഷ്ടവുമല്ല. പക്ഷേ അതനിവാര്യം" (ബുഖാരി). ജീവിതത്തിന്റെ നശ്വരതയും മരണത്തിന്റെ അനിവാര്യതയും വിളംബരം ചെയ്തുകൊണ്ട് മരണം അതിന്റെ ജൈത്രയാത്ര തുടരുന്നു. ഇന്നോ നാളെയോ ഞാനും നിങ്ങളും അറിഞ്ഞോ അറിയാതെയോ അതിൽ സഹയാത്രികരാണ്. "ഓരോ വീടിന്റെ വാതിൽക്കലും മരണത്തിന്റെ മലക്ക് കാത്തിരിപ്പാണ് - നാഥനിൽനിന്നുള്ള ആജ്ഞയും കാത്തുകൊണ്ട്" (ത്വബറാനി).

രോഗബാധിതനായ അബൂബക്ർ സിദ്ദീഖി(റ)നെ മകൾ ഉമ്മുൽ മുഅ്മിനീൻ ആഇശ(റ) സന്ദർശിക്കുന്നു. "പിതാവേ, എങ്ങനെയുണ്ട്?" ആഇശ(റ): അതിന് അബൂബക്റി(റ)ന്റെ മറുപടി: "എല്ലാവരും സകുടുംബം സൈ്വരമായിക്കഴിയുന്നു. മരണമാണെങ്കിൽ അവരുടെ ചെരിപ്പുവാറിനേക്കാൾ അടുത്ത് നിൽക്കുന്നു".

വിടപറയുമ്പോൾ എന്തു വിട്ടേച്ചുപോവുന്നോ അതേ ബാക്കിയുള്ളൂ. മറ്റെല്ലാം ശൂന്യം.....

"മരിച്ചവരെ നാം പുനരുജ്ജീവിപ്പിക്കുകതന്നെ ചെയ്യും. അവർ മുന്നേ ചെയ്ത കൃത്യങ്ങളും പിറകെ വിട്ടേച്ചുപോയ പൈതൃകങ്ങളും നാം എഴുതി സൂക്ഷിക്കുന്നുണ്ട്" (ഖുർആൻ 36:12).

മഹാനായ മുഹമ്മദ് അബുൽ ജലാൽ മൗലവി ഈ ലോകത്തോട് വിടപറയുമ്പോൾ വിട്ടേച്ചുപോയ ഏറ്റവും വലിയ സമ്പത്ത് വിവിധ ഭൂഖണ്ഡങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളാണ്. കേരളത്തിലെ മൂന്നു പ്രമുഖ വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ അമരക്കാരനായിട്ടാണ് അബുൽ ജലാൽ മൗലവി ജീവിതത്തിന്റെ മുഖ്യഭാഗവും പിന്നിട്ടത്. ശാന്തപുരം ഇസ്‌ലാമിയാ കോളേജ്, തിരൂർക്കാട് ഇലാഹിയാ കോളേജ്, പെരുമ്പിലാവിലെ അൻസാർ സ്ഥാപനങ്ങൾ എന്നിവയിലൂടെ ആയിരക്കണക്കിന് ശിഷ്യന്മാരെ അദ്ദേഹം വാർത്തെടുത്തു. അവരിൽ പലരും വിവിധ രംഗങ്ങളിൽ സേവനങ്ങൾ അർപ്പിക്കുന്നു. *ഇസ്‌ലാം ഓൺലൈനി*ലെ പ്രമുഖ മുഫ്തിമാരിലൊരാളായ വി.പി അഹ്മദ് കുട്ടി സാഹിബും പലപ്പോഴും അറബികളേക്കാൾ സുന്ദരമായി അറബിഭാഷ കൈകാര്യം ചെയ്യുന്ന പണ്ഡിതനും വാഗ്മിയുമായ മുഹമ്മദ് സലീം മൗലവിയും കാൽ നൂറ്റാണ്ടിലേറെ കാലമായി അമേരിക്കൻ ഭൂഖണ്ഡത്തിൽ ഇസ്‌ലാമിക പ്രവർത്തനത്തിലേർപ്പെട്ടുകഴിയുന്ന ഈ ലേഖകനും ഉൾപ്പെടെ അബുൽ ജലാൽ മൗലവിയുടെ ശിഷ്യന്മാരിൽ നിരവധി പേർ വിവിധ വിദേശ രാജ്യങ്ങളിൽ ഇസ്‌ലാമിക പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

കേരള ജമാഅത്തിന്റെ മുൻ അമീറും ഇപ്പോൾ ഇന്ത്യൻ ജമാഅത്തിന്റെ അസിസ്റ്റന്റ് അമീറുമായ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ഇപ്പോഴത്തെ കേരള അമീർ ടി. ആരിഫലി, *ഗൾഫ് മാധ്യമം* പത്രാധിപർ വി.കെ ഹംസ അബ്ബാസ്, *മാധ്യമം* പത്രാധിപർ ഒ. അബ്ദുർറഹ്മാൻ, *പ്രബോധനം* പത്രാധിപർ ടി.കെ ഉബൈദ്, *മാധ്യമം* പീരിയോഡിക്കൽസ് എഡിറ്റർ വി.എ കബീർ, അൽ ജാമിഅ അൽ ഇസ്‌ലാമിയ ഡയറക്ടർ വി.കെ അലി, അൽ ജാമിഅ ദഅ്‌വാ കോളേജ് പ്രിൻസിപ്പൽ ഹൈദറലി ശാന്തപുരം, അൽജാമിഅ റിസർച്ച് സെന്റർ ഡയറക്ടർ അബ്ദുല്ലാ ഹസൻ, ജമാഅത്തിന്റെ വ്യത്യസ്ത സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന എ മുഹമ്മദലി, കെ.കെ മമ്മുണ്ണി, പി.ഡി അബ്ദുർറസ്സാഖ് തുടങ്ങിയവരൊക്കെ ആ ഗുരുവര്യന്റെ ശിഷ്യഗണത്തിൽ പെടുന്നു.

ഒ. അബ്ദുല്ല, ജമാൽ മലപ്പുറം, പി.കെ ജമാൽ, വി.കെ ജലീൽ, പരേതനായ ഇ.വി അബ്ദു തുടങ്ങിയവരും ഔദ്യോഗിക മേഖലകളിലും വ്യവസായ-വ്യാപാര രംഗങ്ങളിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ധാരാളം പേരും അബുൽ ജലാൽ മൗലവിയുടെ ശിഷ്യന്മാരിലുണ്ട്.

## ഇസ്‌ലാമിക വിദ്യാഭ്യാസ നവോത്ഥാന നായകൻ

അബുൽ ജലാലിന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും ശോഭനമായ ഭാഗം ഇസ്‌ലാമിക വിദ്യാഭ്യാസരംഗത്തെ സംഭാവനയാണ്. 1956-ൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുത്തതോടെ ഇസ്‌ലാമിക വിദ്യാഭ്യാസ രംഗത്ത് ഒരു നവോത്ഥാനത്തിന് അദ്ദേഹം തുടക്കം കുറിച്ചു. അന്ന് നിലവിലിരുന്ന മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായി, ഇസ്‌ലാമിക വിഷയങ്ങളും ആധുനിക ഭൗതികവിഷയങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സ്കീമിന് അദ്ദേഹം രൂപം നൽകി. അന്നത്തെ സാഹചര്യത്തിൽ അത്തരമൊരു വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തു എന്നത് അദ്ദേഹത്തിന്റെ ധിഷണാവൈഭവം വിളിച്ചോതുന്നു. വിദ്യാഭ്യാസവിഷയകമായി ചിലപ്പോഴൊക്കെ അദ്ദേഹം സംസാരിക്കുന്നത് കേട്ടാൽ വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിലുള്ള അദ്ദേഹത്തിന്റെ അവബോധം നമ്മെ അത്ഭുതപ്പെടുത്തും. ഒരു കാര്യം തീർച്ച, അദ്ദേഹം തുടങ്ങിവെച്ച ഇസ്‌ലാമിക വിദ്യാഭ്യാസ നവോത്ഥാന പ്രസ്ഥാനം കേരള മുസ്‌ലിം സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ ചുവടൊപ്പിച്ച് ഒട്ടേറെ ഇസ്‌ലാമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിതമായി. ശാന്തപുരം ഇസ്‌ലാമിയാ കോളേജ് സൃഷ്ടിച്ചത് വ്യതിരിക്തവും അഭൂതപൂർവവുമായ ഒരു തലമുറയെയായിരുന്നു. വൈജ്ഞാനിക ഗവേഷണം, ഗ്രന്ഥരചന തുടങ്ങിയ വ്യത്യസ്തമായ ദൗത്യങ്ങൾ ഏറ്റെടുക്കാനും നേതൃത്വം നൽകാനും പ്രാപ്തരായിരുന്നു അവർ. ചിന്താരംഗത്ത് വക്കം അബ്ദുൽഖാദിർ മൗലവിയും ഇസ്‌ലാഹീ രംഗത്ത് കെ.എം. മൗലവിയും പ്രാസ്ഥാനിക രംഗത്ത് വി.പി മുഹമ്മദലി ഹാജി സാഹിബും ചെയ്ത സേവനങ്ങളോട് അടുത്തു നിൽക്കുന്നു വിദ്യാഭ്യാസരംഗത്ത് അബുൽ ജലാലിന്റെ സേവനങ്ങൾ എന്ന് പറയാം. അദ്ദേഹത്തിന്റെ ശിഷ്യസമൂഹം സൃഷ്ടിച്ച പരിവർത്തനങ്ങൾ പരിഗണിക്കുമ്പോൾ വിശേഷിച്ചും. ഒരു വ്യക്തിയെ വിലയിരുത്തേണ്ടത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഫലങ്ങൾ, അഥവാ വിട്ടേച്ചുപോയ പൈതൃകം വെച്ചുകൊണ്ടാണ്. ശിഷ്യസമൂഹം ഗുരുവിന്റെ മഹത്വത്തിന് മാറ്റു ചേർക്കുന്നു. ആ നിലക്ക് അബുൽ ജലാൽ കേരളത്തിൽ ജീവിച്ചു മരിച്ചുപോയ പണ്ഡിത നേതാക്കളിൽ അഗ്രഗണ്യനാണ്. അദ്ദേഹത്തെപ്പോലെ, കേരളീയ മുസ്‌ലിം ജീവിതത്തിന്റെ നാനാതുറകളിലും സ്വന്തം ശിഷ്യഗണങ്ങളെ വ്യന്യസിപ്പിച്ച ഗുരുവര്യന്മാർ മറ്റെത്ര പേരുണ്ട്!

## ധിഷണാവൈഭവം

നല്ല ധിഷണാശക്തിയുടെ ഉടമയായിരുന്നു അബുൽജലാൽ. ഗ്രന്ഥങ്ങൾ വായിച്ചാൽ അതിലെ കഴമ്പ് കണ്ടെത്താൻ അദ്ദേഹത്തിന് അസാമാന്യ കഴിവായിരുന്നു. ഒരിക്കൽ ജിദ്ദയിൽവെച്ച് ഒരു സുഹൃത്ത് അദ്ദേഹത്തോട് ഏതോ ഒരു വൈജ്ഞാനിക വിഷയത്തെക്കുറിച്ചന്വേഷിച്ചു. പ്രസിദ്ധ ഓറിയന്റലിസ്റ്റുകളായ ഫിലിപ്പ് ഹിറ്റിയുടെയോ കാറൽ ബ്രോക്കന്മാനിന്റെയോ (രണ്ടിലൊരാളുടെ) ഗ്രന്ഥം വായിക്കാൻ അബുൽജലാൽ അദ്ദേഹത്തെ ഉപദേശിച്ചു. അത്തരം ഗഹനമായ ദീർഘഗ്രന്ഥങ്ങൾ അബുൽ ജലാൽ വായിച്ചുകഴിഞ്ഞിരിക്കുന്നുവെന്നു മനസ്സിലാക്കിയ ഞാൻ അത്ഭുതപ്പെട്ടുപോയി. ശാന്തപുരത്തായപ്പോൾ ദീർഘവായനക്ക് പലപ്പോഴും അദ്ദേഹത്തിന് അവസരമുണ്ടായിരുന്നില്ല. പക്ഷേ കണ്ണോടിക്കുന്ന ഗ്രന്ഥത്തിൽനിന്ന് ഉദ്ദിഷ്ട വിജ്ഞാനം ഒപ്പിയെടുക്കാനുള്ള കൂർമബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. ഈജിപ്ഷ്യൻ പണ്ഡിതനായ ശൈഖ് അബ്ദുർറഹീം ഷാർജയിലെ ഒരു പള്ളിയിൽ ഇമാമായിരുന്നു. അബുൽജലാലിനെക്കുറിച്ച് ഒരിക്കലദ്ദേഹം എന്നോടു പറഞ്ഞു: 'അദ്ദേഹത്തിന്റെ ബുദ്ധി വളരെ ഉന്നതമാണ്. അദ്ദേഹത്തിന്റെ കണ്ണിലേക്ക് ഒന്ന് സൂക്ഷിച്ചു നോക്കൂ! അതിന്റെ പിന്നിൽ ഒരു ബുദ്ധിരാക്ഷസൻ തിളങ്ങുന്നതായി കാണാം.'

## അറബി സാഹിത്യപാടവം

മുസ്‌ലിം കേരളത്തിലെ ആദ്യകാല നവോത്ഥാന നായകനായിരുന്നല്ലോ മഹാനായ അബുസ്സ്വബാഹ് മൗലവി. ലോകപ്രസിദ്ധമായ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽനിന്ന് ബിരുദം നേടി കേരളത്തിലെത്തിയതായിരുന്നു അദ്ദേഹം. അബുസ്സ്വബാഹിന്റെ ശിഷ്യത്വം അറബി സാഹിത്യത്തിൽ അവഗാഹം നേടാൻ അബുൽജലാലിനെ ഏറെ സഹായിച്ചു. അബുൽജലാലിന്റെ അറബിസാഹിത്യ പാണ്ഡിത്യത്തെ അബുസ്സ്വബാഹ് പ്രകീർത്തിച്ചതായി കേട്ടിട്ടുണ്ട്.

ശാന്തപുരത്തെ സാഹിത്യസമാജങ്ങളിൽ അബുൽജലാൽ ചെയ്തിരുന്ന അറബി പ്രസംഗങ്ങൾ ലളിതമനോഹരമായിരുന്നു. അദ്ദേഹം ഞങ്ങൾക്ക് 'അൽബലാഗ'യും മറ്റും ക്ലാസ്സെടുക്കാറുണ്ടായിരുന്നു. അതിലെ കവിതകൾ ഈണത്തിൽ പാടി ശിഷ്യന്മാരുടെ അറബി സാഹിത്യാഭിരുചിയെ ഉണർത്തുന്ന മനോഹരരംഗങ്ങൾ അവിസ്മരണീയമാണ്. പുറത്ത് ഇടിയും മിന്നലും പേമാരിയും അരങ്ങു തകർക്കുമ്പോൾ അകത്ത് ക്ലാസ്സിലിരുന്ന് ആ ഈണം കേട്ടിരുന്നത് എത്ര മനോഹരമായിരുന്നു!

മുസ്തഖ്ബിലുൻ ബാസിമുൻ ഔ ശഖാഉൻ ദാഇമുൻ (ശോഭനമായ ഭാവിയോ നിതാന്ത ദുർഗതിയോ?)

ശാന്തപുരത്തെ ഫൈനൽ പരീക്ഷക്കാണെന്നു തോന്നുന്നു മേൽതലക്കെട്ടിൽ ഒരു ലേഖനമെഴുതേണ്ടതുണ്ടായിരുന്നു. ആ തലക്കെട്ടിന്റെ ഭംഗിയും ഭാവനയും തന്നെ അറബി പരിജ്ഞാനമുള്ളവർക്ക് ഏറെ ആകർഷകമാണ്.

## തലമുറകൾ തമ്മിലുള്ള സ്നേഹബന്ധം

ശാന്തപുരം ഇസ്‌ലാമിയാ കോളേജ് കേരള ഇസ്‌ലാമിക വിദ്യാഭ്യാസ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണെങ്കിലും അതിന്റെ പൂർവകാലത്തെക്കുറിച്ച് പിൻതലമുറകൾ ഏറെയൊന്നും അറിയുന്നില്ല. ശാന്തപുരത്തെ ഓരോ മണൽതരിക്കും അവിരാമമായ അധ്വാനത്തിന്റെയും അചഞ്ചലമായ ത്യാഗസന്നദ്ധതയുടെയും കഥകൾ പറയാനുണ്ട്. ആദ്യകാലത്ത് ശാന്തപുരത്ത് ഉയർന്നുവന്ന കെട്ടിടങ്ങളുടെ ഓരോ ഇഷ്ടികയും ആത്മാർപ്പണത്തിന്റെയും നിസ്വാർഥ സേവനത്തിന്റെയും അധ്യായങ്ങൾ രചിച്ചിട്ടുണ്ട്. പുതിയ തലമുറ അതൊക്കെ വിലയിരുത്തുന്നുണ്ടോ?

മുൻഗാമികളെക്കുറിച്ച് പിൻഗാമികൾക്കുണ്ടാവേണ്ട വികാരം മനോഹരമായും ഹൃദയസ്പർശിയായും വിശുദ്ധ ഖുർആൻ ചിത്രീകരിക്കുന്നത് നോക്കൂ!

"............ പിൻഗാമികൾ പ്രാർഥിക്കുന്നു: നാഥാ! ഞങ്ങൾക്കും ഞങ്ങളുടെ മുൻപോയ വിശ്വാസികളായ ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ! ഞങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസികളോട് യാതൊരു കാലുഷ്യവുമുണ്ടാക്കരുതേ! നാഥാ. നീ കനിവുറ്റവനും അളവറ്റ ദയയുള്ളവനുമല്ലോ."

ഇതേ ആശയം ഖുർആൻ മറ്റൊരിടത്ത് ഊന്നിയുറപ്പിക്കുന്നു: "വിജയത്തിനു ശേഷം ചെലവഴിക്കുകയും സമരത്തിലേർപ്പെടുകയും ചെയ്യുന്നവർ വിജയത്തിനു മുമ്പ് ചെലവഴിക്കുകയും സമരം നടത്തുകയും ചെയ്തവരോട് ഒരിക്കലും തുല്യരാകുന്നില്ല. പിൽക്കാലത്ത് ചെലവഴിക്കുകയും ജിഹാദിലേർപ്പെടുകയും ചെയ്ത പിൻഗാമികളേക്കാൾ എത്രയോ ഉന്നതമാണ് അവരുടെ (മുൻഗാമികളുടെ) സ്ഥാനം....." (57:10).

പിൻതലമുറകൾക്ക് മുൻതലമുറക

ളോടുണ്ടാവേണ്ട ബഹുമാനാദരത്തിന്റെയും സ്നേഹകാരുണ്യത്തിന്റെയും വികാരവായ്പിന്റെയും അംഗീകാരത്തിന്റെയും ഉന്നതമാനങ്ങളാണ് ഉപര്യുക്ത സൂക്തങ്ങളിലൂടെ എക്കാലത്തുമുള്ള വിശ്വാസികളെയും സത്യപ്രബോധകരെയും പ്രസ്ഥാന പ്രവർത്തകരെയും വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്.

### ചെറിയ തുടക്കം, വമ്പിച്ച നേട്ടം

ഒരു ചെറു കെട്ടിടത്തിലായിരുന്നു ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ തുടക്കം. അത് നിന്നിരുന്ന സ്ഥാനത്തിപ്പോൾ ഐ.ടി സെന്ററുണ്ട്. രാത്രി വിദ്യാർഥികൾ ഷീറ്റ് വിരിച്ച് തറയിൽ കിടന്നുറങ്ങും. രാവിലെ എഴുന്നേറ്റ് ബെഞ്ചും ഡെസ്കും ശരിപ്പെടുത്തി അതേ തറ ക്ലാസ് മുറിയാക്കും. ഒരു കോണിൽ വലിയ അലമാര – അതാണ് സ്റ്റോർ. വിദ്യാർഥികൾക്കാവശ്യമായ സോപ്പ്, എണ്ണ, കടലാസ്, പേന, പെൻസിൽ തുടങ്ങിയവ അവിടെ വിലയ്ക്ക് കിട്ടും. കുറച്ചുകാലം ഈ കുറിപ്പുകാരനായിരുന്നു 'സ്റ്റോർ കീപ്പർ'. പെരിന്തൽമണ്ണയിൽ പോയി വാങ്ങിക്കൊണ്ടുവരുന്ന സാധനങ്ങളാണ് സ്റ്റോറിൽവെച്ച് വിറ്റിരുന്നത്. കളിയും കാര്യവും കണക്കും കച്ചവടവും പഠനവും പരിശീലനവുമെല്ലാം കൂടിക്കലർന്ന ആ കാലഘട്ടം എത്ര വർണശബളമായിരുന്നു!

സ്വുബ്ഹ് നമസ്കാരം കഴിഞ്ഞ് അബുൽജലാൽ ഓഫീസ് റൂമിൽ വന്ന് കത്തെഴുതാനാരംഭിക്കും. അദ്ദേഹം പറഞ്ഞുതരും; ഈയുള്ളവനെഴുതും. അഞ്ചു പൈസയുടെ പോസ്റ്റൽ കാർഡുണ്ടായിരുന്നു അന്ന്. അതിലാണ് സാധാരണ എഴുതുക. കേരളത്തിലെ ജമാഅത്ത് ഘടകങ്ങൾക്കാണെഴുതുക; 5 കയും 10 കയും 15 കയുമൊക്കെ ആവശ്യപ്പെട്ടുകൊണ്ട്. മാസാന്തവരിയായി അത്രയും സംഖ്യകൾ അയക്കാമെന്ന് ഹൽഖകൾ വാഗ്ദാനം ചെയ്തിട്ടുണ്ടാവും. ധർമപ്പെട്ടികൾ കടകളിലും വീടുകളിലും വെച്ച് മാസാന്തം പിരിച്ചെടുക്കുക മറ്റൊരു ധനശേഖരണ മാർഗമാണ്. ഇത്തരം സംഖ്യകൾ സ്വരൂപിച്ചാണ് കോളേജ് നടന്നിരുന്നത്. ചെറുതായി തോന്നുമെങ്കിലും അമൂല്യമായ സേവനമാണ് ജമാഅത്ത് പ്രവർത്തകർ അക്കാലത്ത് കോളേജിനു വേണ്ടി ചെയ്തത്. അവരിൽ മിക്കവരും മൺമറഞ്ഞു – പക്ഷേ, അവരുടെ സുകൃതങ്ങൾ, അവരുടെ പൈതൃകം അവശേഷിക്കുന്നു. വടവൃക്ഷം പോലെ അത് വളർന്നു, ഇന്നും വളരുന്നു; ശാഖകൾ പടർന്നുകൊണ്ട്, ഉത്തമഫലങ്ങൾ നൽകിക്കൊണ്ട്. ബഹുമാനാദരവോടും വികാരവായ്പോടും കണ്ണീരോടും കൂടിയല്ലാതെ ആ നിസ്വാർഥസേവകരെ, ത്യാഗസന്നദ്ധരെ ഓർക്കാനാവില്ല. അല്ലാഹു അവരുടെ സേവനങ്ങൾ സ്വീകരിച്ച് സ്വർഗപൂങ്കാവനങ്ങളിൽ അവരെ സ്ഥിരവാസികളാക്കട്ടെ. അവരുടെ സന്തതികളിലും കുടുംബങ്ങളിലും അനുഗ്രഹങ്ങൾ വർഷിക്കട്ടെ.

### അമൂല്യമായ മൂലധനം

മുഹമ്മദ് അബുൽ ജലാൽ മൗലവിയുടെ കൈയിലുണ്ടായിരുന്നത് ബൃഹത്തായ ഒരു വിദ്യാഭ്യാസ പദ്ധതിയായിരുന്നു. പക്ഷേ, അതു സാക്ഷാത്കരിക്കാനുള്ള ഭൗതികവിഭവങ്ങളോ? ഒന്നുമില്ല. എന്തു ചെയ്യണം? ഉദ്ദിഷ്ട ലക്ഷ്യം ഉപേക്ഷിക്കുകയോ? രംഗം വിട്ടോടുകയോ? അല്ല. അബുൽജലാലിന്റെ കൈയിൽ അമൂല്യമായ ഒരു മൂലധനമുണ്ടായിരുന്നു; അജയ്യമായ ഒരായുധം. തവക്കുൽ– അല്ലാഹുവിൽ സർവാർപ്പണം. ശക്തവും അടിയുറച്ചതുമായിരുന്നു അദ്ദേഹത്തിന്റെ തവക്കുൽ. പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും അതടിച്ചുനിരത്തി. അദ്ദേഹം പിറകോട്ടടിച്ചില്ല, മുമ്പോട്ടുതന്നെ പോയി. ആസൂത്രണത്തിന്റെ വശം അവഗണിച്ചുവെന്ന് ഇതിനർഥമില്ല. സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും ലക്ഷ്യസാഫല്യത്തിന് ഭൗതികോപാധികൾ ശേഖരിക്കുന്നതിൽ അദ്ദേഹം ഒട്ടും വീഴ്ചവരുത്തിയില്ല. തവക്കുലിന്റെ മുറിയാത്ത പാശത്തിൽ പിടിച്ചുതൂങ്ങി. വിദ്യാർഥികൾക്ക് ആഹാരത്തിന് വഴിമുട്ടുമ്പോൾ, അധ്യാപകർക്ക് ശമ്പളത്തിന് വഴികാണാത്തപ്പോൾ, തുടങ്ങിവെച്ച പുതിയ കെട്ടിടം പൂർത്തിയാകാതെ പേമാരിയിൽ ആടിയിളകുമ്പോൾ, വിഷമങ്ങൾ കൊടുങ്കാറ്റായി ആഞ്ഞടിക്കുമ്പോൾ അത്തരം സന്ദർഭങ്ങളിൽ ആത്മവിശ്വാസത്തോടെ, ദൃഢനിശ്ചയത്തോടെ അദ്ദേഹം പറയും. 'അല്ലാഹു സഹായിക്കും; അവൻ തുറസ്സുണ്ടാക്കും.' അതേ, അല്ലാഹു അദ്ദേഹത്തെ സഹായിച്ചു. കേരളത്തിലെ മൂന്നു വൻകിട ഇസ്‌ലാമിക വിജ്ഞാനകേന്ദ്രങ്ങൾ പടുത്തുയർത്താനും അവയിലൂടെ തലമുറകളെ വാർത്തെടുക്കാനും അല്ലാഹു അദ്ദേഹത്തെ സഹായിച്ചു.

### പിതൃനിർവിശേഷമായ സ്നേഹം കർശനമായ ശിക്ഷണം

ശാന്തപുരം വിദ്യാർഥികൾ അബുൽജലാലിന് സ്വന്തം സന്താനങ്ങളായിരുന്നു. അവരുടെ ക്ഷേമാരോഗ്യങ്ങളിൽ അദ്ദേഹത്തിന് നിരന്തര ശ്രദ്ധയുണ്ടായിരുന്നു. വിശിഷ്യാ പാവപ്പെട്ട കുട്ടികളെ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു; വിദ്യാർഥികളെല്ലാം അദ്ദേഹത്തിൽ പുത്രവത്സലനായ ഒരു പിതാവിനെ കണ്ടെത്തി.

അതേയവസരം അച്ചടക്ക ലംഘനങ്ങൾക്ക് ശിക്ഷ നൽകുന്നതിൽ അദ്ദേഹം അമാന്തം കാണിച്ചില്ല. അങ്ങനെ സ്നേഹവും ശിക്ഷയും മേളിച്ചതായിരുന്നു അദ്ദേഹത്തിന്റെ തർബിയത്ത്. പക്ഷേ, വാത്സല്യവും സ്നേഹവും എപ്പോഴും മുന്നിട്ടുനിന്നു. ആ മുഖം സദാ സുസ്മേരം, സ്നേഹമസൃണം, ശാന്തം. വല്ലപ്പോഴുമൊക്കെ ഗൗരവവും ഗാംഭീര്യവും സ്ഫുരിക്കും. വത്സലനായ പിതാവിനേ സന്താനങ്ങളെ നേർവഴിക്ക് നയിക്കാനാവൂ; വിനയാന്വിതനായ നേതാവിനേ അനുയായികളെ കൂടെകൊണ്ടുനടക്കാനാവൂ.

“(പ്രവാചകരേ) അല്ലാഹുവിന്റെ (അപാരമായ) അനുഗ്രഹം കൊണ്ടാണ് താങ്കൾ വളരെ സൗമ്യശീലനായത്. കഠിന ഹൃദയനായ പരുഷ പ്രകൃതനായിരുന്നുവെങ്കിൽ താങ്കളുടെ ചുറ്റുനിന്നും അവരെല്ലാം പിരിഞ്ഞുപോയേനെ” (ഖുർആൻ 3:159).

ഒരു ദിവസം ക്ലാസ്സിൽ ചെന്നപ്പോൾ കുറേ ചൂരൽ വടികൾ ചുമർ ചാരി നിൽക്കുന്നു. എല്ലാവരും ചകിതരായി. എന്തോ കടുത്ത അച്ചടക്കലംഘനം സംഭവിച്ചിട്ടുണ്ട്. ഇരുപത്തഞ്ചും അതിലധികവും വയസ്സ് പ്രായമുള്ളവരാണ് ക്ലാസ്സിൽ മിക്കവരും. അബുൽ ജലാലിന്റെ കണ്ണിൽ നിന്ന് തീപ്പൊരി പാറുന്നു; ചൂരൽ വടികൾ ഉത്തരവ് കാത്തിരിക്കുന്നു.... അബുൽ ജലാൽ ഏതാനും വാചകങ്ങൾ പറഞ്ഞു. ചൂരലിനേക്കാൾ ആഴത്തിൽ തറക്കുന്നതായിരുന്നു ആ വാക്കുകൾ. ചൂരൽപ്രയോഗം പിന്നെ ആവശ്യമായി വന്നില്ല. മുതിർന്ന വിദ്യാർഥികൾക്കന്ന് ബോധ്യമായി, ആവശ്യം വന്നാൽ ശിക്ഷണദണ്ഡ് അവരെ പിടികൂടുമെന്ന്.

### വിനയ മാതൃക

ഇന്നത്തെപ്പോലെ പൈപ്പിലൂടെ നിർലോഭം വെള്ളം ലഭിക്കുന്ന അവസ്ഥ അന്നുണ്ടായിരുന്നില്ല. മദ്റസാ കെട്ടിടത്തിന്റെ അറ്റത്ത് ഒരു കിണറുണ്ടായിരുന്നു. അതിൽനിന്ന് വെള്ളംകോരി കാൽ കഴുകിയാണ് കുട്ടികൾ അകത്ത് കടക്കുക. ഉറക്കവും അവിടെയായിരുന്നതുകൊണ്ട് തറ വൃത്തിയായി സൂക്ഷിക്കാൻ അതാവശ്യമായിരുന്നു. അടുത്ത വയലിലുള്ള കുളങ്ങളിലാണ് കുളിയും അലക്കുമൊക്കെ.

പള്ളിക്ക് ഹൗളെന്നോണം ഒരു കുളമുണ്ടായിരുന്നു (ഇന്നാസ്ഥലത്ത് കോളേജ് ബിൽഡിംഗാണ്). അതിലെ നീന്തിക്കുളി നല്ല രസമായിരുന്നു. ഒരു നൂറുവാര അകലെയാണ് മൂത്രപ്പുര. വെള്ളം തൊട്ടിയിൽ കോരിക്കൊണ്ട് പോയാണ് മൂത്രപ്പുരയിൽ വെള്ളം നിറക്കുക. അത് ചെയ്യുന്നതിൽ വിദ്യാർഥികൾ അനാസ്ഥ കാണിച്ചപ്പോൾ അബുൽജലാൽ തൊട്ടിയുമായിറങ്ങി. വെള്ളം കോരി നിറച്ചു. വിദ്യാർഥികൾക്ക് ഒരേയവസരം ഒരു പാഠവും മാതൃകയുമായി. അവരുടെ അനാസ്ഥ അക്ഷന്തവ്യമാണെന്ന പാഠം. വിദ്യാർഥികളെ ചൂരൽ പ്രയോഗത്തേക്കാൾ വേദനിപ്പിക്കുകയും നാണിപ്പിക്കുകയും ചെയ്യുന്നതായിരുന്നു ആ മാതൃക. ഏത്

നിസ്സാരപണിയും ചെയ്യാനുള്ള വിനയത്തിന്റെ മാതൃകയുമായിരുന്നു അത്.

കൂട്ടത്തിൽ പറയട്ടെ, മൂത്രപ്പുരയുടെ കുറേകൂടി അകലെയായിരുന്നു ലാട്രിൻ. അതിന്റെ കാര്യം ഏറെ കഷ്ടമായിരുന്നു. ശാസ്ത്രീയമായി നിർമിച്ച സെപ്റ്റിക് ടാങ്കൊന്നും ഉണ്ടായിരുന്നില്ല. മഴക്കാലത്ത് കൃമികൾ ലാട്രിനകത്ത് അരിച്ചുകയറും. അതോർക്കുമ്പോൾ ഇപ്പോഴും അറപ്പുതോന്നുന്നു. ഇന്നത്തെ അവസ്ഥയോ? പരമകാരുണികന്റെ അപാരമായ അനുഗ്രഹങ്ങളോർത്ത് നന്ദിബോധത്താൽ നമ്രശിരസ്കരായി വീഴേണ്ടവരല്ലേ പിൽക്കാല ശാന്തപുരം സന്തതികൾ?

“നിങ്ങളുടെ നാഥൻ മുന്നറിയിപ്പ് നൽകിയതോർക്കുക: നിങ്ങൾ നന്ദികാണിക്കുന്ന പക്ഷം തീർച്ചയായും ഞാൻ നിങ്ങളെ കൂടുതൽ അനുഗ്രഹിക്കും. നിങ്ങൾ കൃതഘ്നത കാണിച്ചാലോ, എന്റെ ദണ്ഡനം അതികഠിനം തന്നെയായിരിക്കും” (ഖുർആൻ 14:7).

## ഖുർആൻ തഫ്സീർ ക്ലാസ്സുകൾ

മുഹമ്മദ് അബുൽ ജലാൽ മൗലവിയുടെ ക്ലാസ്സുകളിൽ ഏറ്റവും പ്രധാനവും വിജ്ഞാനത്തിന്റെ ആഴത്തെ പ്രതിഫലിപ്പിക്കുന്നതും തഫ്സീർ ക്ലാസ്സുകളായിരുന്നു. സൂറഃ *ആലുഇംറാൻ* ക്ലാസ്സെടുത്തപ്പോൾ നോട്ടുകൾ തന്നതോർക്കുന്നു. നല്ലൊരു തഫ്സീർ തന്നെയായിരുന്നു അത്. മൗലാനാ ഫറാഹിയുടെ ഖുർആനിക ദർശനങ്ങളെയും ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ ഉസ്വൂലുത്തഫ്സീറിനെയും ആധാരമാക്കിയുള്ള ആ ക്ലാസ്സുകൾ അവിസ്മരണീയമാണ്.

വിശുദ്ധ ഖുർആനുമായുള്ള അബുൽ ജലാലിന്റെ ബന്ധം അഗാധമായിരുന്നു. ഖുർആനിക ചിന്ത അദ്ദേഹത്തിന്റെ ആത്മാവോടൊട്ടിനിന്നു. ഖുർആനിലുള്ള ഉൾക്കാഴ്ച അസാധാരണമായിരുന്നു. മറ്റെവിടെയും കാണാത്ത സൂക്ഷ്മതത്ത്വങ്ങൾ അദ്ദേഹം ഞങ്ങൾക്ക് പറഞ്ഞുതരും. ഉദാ: ഓരോ സൂറയേയും ആദ്യാവസാനം ഘടിപ്പിക്കുന്ന ഒരാശയനൂലുണ്ടാവും. മുത്തുകൾ മാലയിൽ കോർത്തപോലെ ആയത്തുകൾ ആ നൂലിൽ ഭംഗിയായി ഘടിച്ചിരിക്കും. ഖുർആൻ പഠിതാക്കൾക്ക് എളുപ്പം എത്തിപ്പിടിക്കാവുന്നതല്ല ആ നൂൽ. അതേയവസരം സൂറയുടെ പ്രമേയവും കേന്ദ്രബിന്ദുവും മനസ്സിലാവാൻ ആ നൂൽ പിടിത്തം കിട്ടുക ആവശ്യമാണ്. അല്ലാത്തപക്ഷം ആയത്തുകളുടെ പരസ്പരബന്ധവും പ്രസക്തിയും വേണ്ടത്ര വ്യക്തമാവില്ല. സയ്യിദ് ഖുത്ബിന്റെ *സൂറത്തുർറഅ്ദി*ന്റെ തഫ്സീർ വായിച്ചാൽ ഇപ്പറയുന്നത് വ്യക്തമായി മനസ്സിലാവും. കേവലം ഒരധ്യാപകൻ മാത്രമായിരുന്നെങ്കിൽ ആ അവഗാഹത്തിൽനിന്ന് കൂടുതൽ ഫലങ്ങൾ ഞങ്ങൾ അനുഭവിച്ചേനേ! പക്ഷേ ശാന്തപുരത്തിന്റെ സാമ്പത്തികവും സംഘടനാപരവും ഭരണപരവുമായ മുഴുവൻ ഭാരവും പേറിയ ഒരാളിൽനിന്ന് അതെങ്ങനെ പ്രതീക്ഷിക്കാം? വൈജ്ഞാനികരംഗത്ത് അമൂല്യ സംഭാവനകളർപ്പിക്കാൻ കഴിവുറ്റ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മുഹമ്മദ് അബുൽ ജലാൽ. പക്ഷേ കൃത്യാന്തരബാഹുല്യം അതിന്നദ്ദേഹത്തിന് അവസരം നൽകിയില്ല.

അവസാനനാളുകൾ വരെ ഖുർആനിക ‘സ്വപ്നങ്ങൾ’ അദ്ദേഹത്തെ പിന്തുടർന്നു. അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഖുർആനിക കലാലയത്തിന്റെ സംസ്ഥാപനം അദ്ദേഹത്തിന്റെ നിത്യ സ്വപ്നമായിരുന്നു.

## സ്ഥാപനങ്ങൾ ശീഘ്രം വളരുന്നു, ഉയരുന്നു

മുഹമ്മദ് അബുൽ ജലാൽ എവിടെയൊക്കെ താവളമടിച്ചോ, ഏതിന്റെയൊക്കെ ഉത്തരവാദിത്വമേറ്റെടുത്തോ ആ സ്ഥാപനങ്ങളൊക്കെ ശീഘ്രം വളർന്നുയരുന്നതാണ് നാം കാണുന്നത്. ശാന്തപുരത്തു ചെന്ന് ഒരു കൊച്ചു മദ്റസാ കെട്ടിടത്തിലിരുന്ന് അദ്ദേഹം സ്വപ്നങ്ങൾ നെയ്തു. അദ്ദേഹം അവിടം വിടുമ്പോൾ ശാന്തപുരം ഇസ്‌ലാമിയാ കോളേജ് മുസ്‌ലിം കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ, വിദേശങ്ങളിൽകൂടി അറിയപ്പെട്ട ഒരു മഹൽസ്ഥാപനമായി ഉയർന്നിരുന്നു. തിരൂർക്കാട്ട് ചെന്ന് താവളമടിച്ചപ്പോഴും സ്ഥിതി അതുതന്നെ. അദ്ദേഹം ഇലാഹിയാ കോളേജിന്റെ ഭരണസാരഥ്യമേറ്റെടുക്കുമ്പോൾ അത് ഒരു ചെറിയ സ്ഥാപനമായിരുന്നു. അദ്ദേഹമവിടം വിടുമ്പോൾ മൂവായിരം പേർക്ക് ഒരേസമയം നമസ്കരിക്കാവുന്ന വിശാലമായ ഒരു പള്ളിയോടും വ്യത്യസ്ത അനുബന്ധ സ്ഥാപനങ്ങളോടും കൂടിയ ഉന്നത ഇസ്‌ലാമിക വിജ്ഞാനകേന്ദ്രമായി അത് മാറിയിരുന്നു - വിദേശത്തും അറിയപ്പെട്ടു. ‘അബുൽജലാൽ മൗലവി സ്ഥാപന സാരഥ്യമേറ്റെടുത്ത കാലം ഇലാഹിയാ കോളേജിന്റെ സുവർണ കാലമായിരുന്നു’ എന്ന് അതിന്റെ മുൻ പ്രിൻസിപ്പൽ എ. മുഹമ്മദ് മൗലവി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിന്റെ നാനാഭാഗത്തുനിന്നും ഗൾഫ് നാടുകളിൽനിന്നും വിദ്യർഥികളെ ആകർഷിക്കുന്ന ഒരു മഹാസ്ഥാപനമായി ‘അൻസാർ’ വളർന്നു. പെരുമ്പിലാവിൽ വെച്ച് അദ്ദേഹം അവസാനയാത്ര പറയുമ്പോൾ അൻസാർ സ്ഥാപനങ്ങൾ മുസ്‌ലിം കേരളത്തിന്റെ അഭിമാനമായിത്തീർന്നിരുന്നു. താൻ ഏറ്റെടുത്ത എല്ലാ സ്ഥാപനങ്ങൾക്കും സുവർണകാലം രചിച്ചുകൊണ്ട്, പുതിയ അധ്യായം എഴുതിച്ചേർത്തുകൊണ്ട് അദ്ദേഹം കടന്നുപോയി. മുന്നോട്ട്, കുറേക്കൂടി മുന്നോട്ട്, പിന്നെയും മുന്നോട്ട് എന്ന അദമ്യാഭിലാഷമാണ് അബുൽജലാലിനെ നയിച്ചിരുന്നത്. അദ്ദേഹത്തിന്റെ കുതിപ്പിൽ പ്രതിബന്ധങ്ങളും വൈതരണികളും നിഷ്പ്രഭമായിരുന്നു.

## ഹാജി സാഹിബ് മരിച്ച ദിവസം

കേരള ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനും ആദ്യത്തെ അമീറുമായിരുന്ന ഹാജി വി.പി മുഹമ്മദലി സാഹിബ് അബുൽ ജലാലിന്റെ ധിഷണാനായകനും ആത്മീയ നേതാവുമായിരുന്നു. അദ്ദേഹമാണ് ദക്ഷിണ കേരളത്തിൽ കൊറ്റ്യോട് പി. മുഹമ്മദ് മൗലവിയെ-അബുൽ ജലാലിനെ- ജമാഅത്തിന്റെ പ്രബോധന പ്രവർത്തനങ്ങൾക്ക് വേണ്ടി നിശ്ചയിച്ചതും പിന്നീട് ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ ഭരണസാരഥ്യമേൽപിച്ചതും.

സ്വാഭാവികമായും ഹാജിസാഹിബിന്റെ ആകസ്മിക മരണം (1958-ൽ) അബുൽ ജലാലിനേൽപിച്ച ആഘാതം അഗാധമായിരുന്നു. വാർത്ത കേട്ട് അദ്ദേഹം മദ്റസയുടെ വരാന്തയിൽ തളർന്നു വീണു. അദ്ദേഹം വീണുകിടക്കുന്ന ആ രംഗം ഇപ്പോഴും ഓർമയിൽ തെളിഞ്ഞു നിൽക്കുന്നു. ഏതൊരു പ്രസ്ഥാനത്തിന് പ്രവർത്തകരെ വാർത്തെടുക്കാൻ താൻ ഉത്തരവാദപ്പെട്ടിട്ടുണ്ടോ, അതേ പ്രസ്ഥാനത്തിന്റെ നായകനിതാ പെട്ടെന്ന് എന്നെന്നേക്കുമായി യാത്ര പറഞ്ഞിരിക്കുന്നു. ഹ്രസ്വമെങ്കിലും ഹാജി സാഹിബിന്റെ ദൃഢവും ധീരവും അനന്യസാധാരണവുമായ നേതൃത്വത്തിന്റെ തണലിൽ വളർന്ന അബുൽ ജലാലിന് നികത്താനാവാത്ത നഷ്ടബോധം അനുഭവപ്പെട്ടു. ഒരുപക്ഷേ, പുതിയ നേതൃത്വഭാരം മുതുകിൽ വീഴുമോ എന്ന ആശങ്കയിൽ തലകുനിഞ്ഞുപോയ കെ.സി അബ്ദുല്ല മൗലവിയെ (എടയൂരിൽ ഹാജി സാഹിബിന്റെ ഖബ്റടക്കം നടക്കുമ്പോൾ ഖബ്റിന്റെ കോണിൽ നമ്രശിരസ്കനും ചിന്താമഗ്നനുമായ കെ.സിയുടെ ആ ഇരുത്തവും മറക്കാനാവില്ല) കഴിഞ്ഞാൽ അന്നത്തെ ജമാഅത്ത് നേതൃത്വത്തിൽ ഹാജിസാഹിബിന്റെ വേർപാട് അബുൽ ജലാലിനെ പോലെ അത്ര ആഘാതമേൽപിച്ച മറ്റൊരു വ്യക്തിത്വമുണ്ടാവുമെന്ന് തോന്നുന്നില്ല. കാരണം ശാന്തപുരം കോളേജ് ജമാഅത്തിന്റെ സ്വന്തം സ്ഥാപനമായിരുന്നു. അതിന്റെ നടത്തിപ്പ് പൂർണമായും ജമാഅത്തിനെ ആശ്രയിച്ചിരുന്നു. ജമാഅത്തിന്റെ മറ്റേത് സംരംഭത്തേക്കാളും ഭാരിച്ച ബാധ്യതയായിരുന്നു ഇസ്‌ലാമിയാ കോളേജ്. അതിന്റെ താങ്ങും തണലുമാണ് അബുൽ ജലാലിന് പെട്ടെന്ന് നഷ്ടപ്പെട്ടത്.

അതുകൊണ്ടുതന്നെ ആ അപ്രതീക്ഷിത മരണം അബുൽ ജലാലിനെ ആഴത്തിൽ സ്പർശിച്ചത് സ്വാഭാവികം.

1964-ൽ ശാന്തപുരം വാർഷിക സ മ്മേളനത്തോടനുബന്ധിച്ചിറക്കിയ ഉപ ഹാര ഗ്രന്ഥത്തിൽ ഹാജി സാഹിബിനെ ക്കുറിച്ച് അബുൽ ജലാൽ വികാരഭരിതമാ യ ഒരു ലേഖനമെഴുതിയിട്ടുണ്ട്.

### ചില ചികിത്സാ ശ്രമങ്ങൾ

അബുൽജലാൽ മൗലവി രോ ഗബാധിതനായപ്പോൾ ചികിത്സയെ കുറി ച്ച് ചിന്തിച്ചു. കനഡയിൽ കൊണ്ടുവന്ന് ചികിത്സിക്കാനായിരുന്നു ആഗ്രഹം. മുമ്പ് ഇന്ത്യൻ ജമാഅത്ത് നേതാവും *ദഅ്വത്ത്* എഡിറ്ററുമായിരുന്ന മുഹമ്മദ് മുസ്‌ലിം സാഹിബിനെ അമേരിക്കയിൽ കൊണ്ടുവന്ന് ചികിത്സിക്കാൻ അല്ലാഹു മാർഗം തുറന്നുതന്നതോർത്തു. യു.എ.ഇ പ്രസിഡന്റായിരുന്ന ശൈഖ് സായിദിന്റെ ഉപദേഷ്ടാവായിരുന്ന ഡോ. ഇസ്സുദ്ദീൻ ഇബ്റാഹീം ശൈഖ് അബുൽ ജലാ ലിന്റെ അടുത്ത സുഹൃത്തായിരുന്നു. ഈ ലേഖകൻ ഡോ. ഇസ്സുദ്ദീനെ സന്ദർശിക്കു മ്പോഴൊക്കെ അദ്ദേഹം അബുൽജലാ ലിന്റെ ക്ഷേമം അന്വേഷിക്കാറുണ്ടായിരു ന്നു. അറബ് ലോകത്തെ പല വ്യക്തിത്വ ങ്ങളിലും അബുൽജലാൽ അത്തരമൊരു സ്വാധീനം സൃഷ്ടിച്ചിരുന്നു. ഈയുള്ള വനിൽനിന്ന് അബുൽജലാലിന്റെ രോഗ വിവരം മനസ്സിലാക്കിയ ഡോ. ഇസ്സുദ്ദീൻ പറഞ്ഞു: "ഞാൻ ശ്രമിച്ചാൽ, ശൈഖ് അബുൽ ജലാലിനെ അമേരിക്കയിൽ കൊണ്ടുപോയി ചികിത്സിക്കുന്നതിന് കഴിഞ്ഞേക്കും. പക്ഷേ, അദ്ദേഹത്തിന്റെ രോഗം അമേരിക്കയിൽ ചികിത്സിച്ചാലും ഭേദമാകുന്നതല്ല. ഒരു വൃഥാ ശ്രമം മാത്ര മായിരിക്കുമത്." ഫലപ്രതീക്ഷയില്ലാത്ത ഒരു കാര്യത്തിന് അദ്ദേഹത്തിന്റെ സ്വാധീ നമുപയോഗിക്കുന്നതിൽ അർഥമില്ലെന്ന നിലക്ക് ഞങ്ങൾ- ഞാനും അബുൽജലാ ലിന്റെ മകൻ മുഹമ്മദലിയും- ഒടുവിൽ ആ ചിന്ത ഉപേക്ഷിക്കുകയായിരുന്നു.

ആനുഷംഗികമായി പറയട്ടെ: മൗ ലാനാ മൗദൂദിയുടെ ചികിത്സക്കു വേണ്ടി യും ഇതുപോലെ ശ്രമങ്ങൾ നടന്നിരുന്നു. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മുൻ അ മീർ മൗലാനാ മുഹമ്മദ് യൂസുഫ് സാഹി ബും *ദഅ്വത്ത്* എഡിറ്റർ മുഹമ്മദ് മുസ് ലിം സാഹിബും കൂടെ ഈ കുറിപ്പുകാര നും മൗലാനയെ സന്ദർശിച്ച സന്ദർഭത്തി ലായിരുന്നു അത് - 1979ൽ. കിഡ്നി സം ബന്ധമായി മൗലാന അസഹ്യമായ വേദ ന അനുഭവിച്ചിരുന്ന കാലം. മൗലാനയെ കോട്ടക്കലിൽ കൊണ്ടുവന്ന് ചികിത്സി ക്കാനായിരുന്നു പ്ലാൻ. പല ചർച്ചകളും നടന്നെങ്കിലും ചില സാങ്കേതിക കാരണ ങ്ങളാൽ ഒടുവിൽ ശ്രമം ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് മൗലാന ചികിത്സക്കായി അമേരിക്കയിലെ മകന്റെ അടുത്തേക്ക് പോയി. താമസിയാതെ ബഫലോവിൽ വെച്ച് ഇഹലോകവാസം വെടിയുകയും ചെയ്തു.

അബുൽ ജലാൽ രോഗിയായ ശേ ഷം, നാട്ടിൽ വരുമ്പോഴൊക്കെ ഈയുള്ള വൻ അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. കഴി ഞ്ഞ പ്രാവശ്യം സന്ദർശിച്ചപ്പോൾ കൂടെ യുള്ള മകൻ സുഹൈബിനും എനിക്കും വേണ്ടി പ്രത്യേകം പ്രാർഥിക്കാൻ ഞാൻ ഗുരുവര്യനോടഭ്യർഥിച്ചു. അദ്ദേഹമത് ചെ യ്തു.

പിരിഞ്ഞുപോരുമ്പോൾ അദ്ദേഹ ത്തിന്റെ സഹധർമിണിയോടും മക്കളോ ടും ഞാൻ പറഞ്ഞു: 'ആരോഗ്യസ്ഥിതിഗ തികൾ അറിയാൻ ശ്രമിച്ചുകൊണ്ടിരി ക്കാം.' മരണവാർത്തയറിയുമ്പോൾ ഈ യുള്ളവൻ ടൊറണ്ടോവിലായിരുന്നു.

അല്ലാഹുവേ! മാലാഖമാർ അക മ്പടി സേവിച്ച് ഉന്നതങ്ങളിൽ ഉയർത്തി ക്കൊണ്ട് പോവുമെന്ന് നിന്റെ പ്രവാച കൻ(സ) അറിയിച്ച അനുഗൃഹീത സുകൃ തവാന്മാരുടെ കൂട്ടത്തിൽ നിന്റെ ആ ഉത്ത മദാസനെ, ഞങ്ങളുടെ അഭിവന്ദ്യ ഗുരുവ ര്യനെ ഉൾപ്പെടുത്തേണമേ! സ്വർഗലോക ത്തിന്റെ ഉന്നതസ്ഥാനങ്ങളിൽ -ജന്നാ ത്തുൽ ഫിർദൗസിൽ- അദ്ദേഹത്തിന് സ്ഥാനം നൽകി അനുഗ്രഹിക്കേണമേ! അദ്ദേഹത്തിന്റെ ശിഷ്യരെ അദ്ദേഹത്തിനു വേണ്ടി പ്രാർഥിക്കുന്നവരും അദ്ദേഹ ത്തിന്റെ സൽപേര് നിലനിർത്തുന്നവരും അദ്ദേഹത്തിന്റെ പൈതൃകം കാത്തുസൂ ക്ഷിക്കുന്നവരുമാക്കേണമേ-ആമീൻ. ■